

TUESDAY 10/09/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Nizam S A    **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/09/2024

1. ഓണചന്ത 2024- ന്റെ സംസ്ഥാനതല ഉത്ഘാടനം, 10/09/2024 ന് വൈകിട്ട് മൂന്ന് മണിക്ക് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് വികാസ്ഭവൻ അങ്കണത്തിൽ നിർവഹിക്കുന്നു. 11.09.2024 മുതൽ 14.09.2024 വരെയാണ് ഓണചന്ത.

2. ആറ്റിങ്ങൽ ബ്ലോക്ക് കൃഷി അസിസ്റ്റൻ്റ് ഡയറക്ടർ ഓഫീസിന്റെ കീഴിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, കൃഷിഭവൻ ഉൾപ്പെടെ 8 കൃഷിഭവന്റെ (അഴൂർ, കിഴുവിലം, ചിറയിൻകീഴ്, വക്കം, കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, മുദാക്കൽ) പരിധിയിൽ കർഷകരുടെ കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൽ 100% പരിശുദ്ധിയോടെ വിൽപ്പനയ്ക്ക് തയ്യാറാക്കുന്നു. കൊല്ലംപുഴ ഓവർ ബ്രിഡ്ജിന് പടിഞ്ഞാറ് വശത്ത് സ്ഥിതി ചെയ്യുന്ന കദളീവനം എന്ന ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ഇന്ന് (2024 സെപ്തംബർ 10 ന്) രാവിലെ 9 മണിക്ക് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ.അനിൽ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നു. ആറ്റിങ്ങൽ എം.എൽ.എ ഒ.എസ്.അംബിക ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുന്നു. തദവസരത്തിൽ ചിറയിൻകീഴ് എം.എൽ.എ. വി.ശശി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഏറ്റുവാങ്ങുന്നു.

3. 'ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി'യുടെ ഭാഗമായി തിരുവനന്തപുരം സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടന കർമ്മം 11/09/2024 ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു.

4. കാർഷിക സർവ്വകലാശാല കാർഷിക കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വഴുതന, മുളക്, പുതിന, മുരിങ്ങ കട്ടിങ്സ് എന്നിവ ലഭ്യമാണ്. വില്പന സമയം 9:00 മണി മുതൽ 4 മണി വരെ . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാല യുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773. കേരള കാർഷിക സർവകലാശാലയുടെ പബ്ളിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോം ആമസോൺ വഴിയും ലഭ്യമാണ്. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ ഏതുതരം പഴം പച്ചക്കറിയും സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

## പരിശീലന പരിപാടി

6. കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള വർഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആന്റ് ഫുഡ് ടെക്നോളജി കോളേജിന്റെ ആഭിമുഖ്യത്തിൽ, മണ്ണുത്തി ക്യാമ്പസിൽ വെച്ച് സെപ്റ്റംബർ 10, 11, 12 തിയ്യതികളിൽ വൈവിധ്യമാർന്ന മൂല്യവർദ്ധിത ഭക്ഷ്യോൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനപരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ്: 2700 രൂപ (ഭക്ഷണം, രജിസ്ട്രേഷൻ കിറ്റ് എന്നിവ ഉൾപ്പെടെ). രജിസ്ട്രേഷനുവേണ്ടി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 7592068853, 9846581332.

7. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 23.09.2024 മുതൽ 27.09.2024 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

'ശാസ്ത്രീയമായ പശുപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 20രൂപ. ആധാർ കാർഡിന്റെയും ബാങ്ക് പാസ്സ്ബുക്കിൻ്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 20.09.2024ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579, 9645922324 എന്നീ ഫോൺ നമ്പറുകൾ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.പരിശീലനത്തിന് പങ്കെടുക്കുന്നതിനുള്ള അവസരം കൺഫർമേഷൻ ലഭിക്കുന്നവർക്ക് മാത്രം.

**8. കാർഷിക നിർദ്ദേശങ്ങൾ**

**നെല്ല്** - നെല്ലിലെ ബാക്ടീരിയൽ ഇലകരിച്ചിൽ നിയന്ത്രിക്കാൻ പച്ച ചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കാവുന്നതാണ്. 10 ദിവസം ഇടവിട്ട് 2-3 തവണയെങ്കിലും തളിക്കണം. നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകിട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും

**വാഴ** -മഴക്കാലത്ത് വാഴയിൽ കാണുന്ന ഇലപ്പുള്ളി രോഗത്തെ നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 2 മി.ലി ഹെക്സാകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 1 മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക.